പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1878</u> <u>16.06.2014 ൽ മറുപടിക്ക്</u>

<u>പോലീസ് കസ്റ്റഡിയിലെ വാഹനങ്ങൾ</u>

<u>ചോദ്യം</u>

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

(എ) പോലീസ് കസ്റ്റഡിയിലെടുക്കു ന്ന വാഹനങ്ങൾ സൂക്ഷിക്കാൻ സ്ഥലമില്ലാതെ മഴയും വെയിലുമേറ്റ് തുരുമ്പെടുത്ത് നശിക്കുന്ന ത് ശ്രദ്ധ യി ൽപ്പെട്ടിട്ടു ണ്ടോ;

(ബി) കോഴിക്കോട് റൂറൽ പരിധിയിലെ ഓരോ സ്റ്റേഷനിലും വർഷങ്ങളായി നടപടിയാകാതെ കിടക്കുന്ന എത്രവാഹനങ്ങളുണ്ട് എന്ന് വിശദാംശം ലഭ്യമാക്കുമോ;

<u>മറുപടി</u>

ശ്രീ. രമേശ് ചെന്നിത്തല
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വടകര | 36 |
| എടച്ചേരി | 25 |
| ചോമ്പാല | 32 |
| പയ്യോളി | 24 |
| മേപ്പയ്യൂർ | 4 |
| കൊയിലാണ്ടി | 51 |
| അത്തോളി | 12 |
| കുറ്റ്യാടി | 10 |
| തൊട്ടിൽപ്പാലം | 3 |
| താമരശ്ശേരി | 26 |
| കോടഞ്ചേരി | 9 |
| തിരുവമ്പാടി | 11 |
| ബാലുശ്ശേരി | 21 |
| കാക്കൂർ | 16 |
| കൊടുവള്ളി | 36 |
| മുക്കം | 39 |

| | | | |
|---|---|---|---|
| (സി) | ഇങ്ങനെ കസ്റ്റഡിയിലെടുക്കുന്ന വാഹനങ്ങളിൽ നിന്നും ബാറ്ററി, സ്റ്റീരിയോ സിസ്റ്റം, ഇൻഡിക്കേറ്റർ മുതലായവ മോഷണം പോകുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | കോഴിക്കോട് റൂറലിലെ ഏതെങ്കിലും സ്റ്റേഷനിൽ ഇത്തരത്തിൽ ആരുടെയെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; | (ഡി) | ഇത്തരത്തിൽ പരാതികൾ ലഭിച്ചിട്ടില്ല |
| (ഇ) | പോലീസ് കസ്റ്റഡിയിലെടുക്കുന്ന വാഹനങ്ങൾ നടപടി പൂർത്തിയാക്കി കാലതാമസം കൂടാതെ ഉടമയ്ക്ക് വിട്ടുകൊടുക്കുന്നതിനോ ലേലംചെയ്യുന്നതിനോ സാധ്യമാകത്തക്കവിധത്തിൽ നടപടിക്രമങ്ങളിൽ മാറ്റം വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (ഇ) | സംസ്ഥാനത്ത് പോലീസ് സ്റ്റേഷനുകളിൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ നടപടികൾ പൂർത്തിയാക്കി കോടതിയുടെ അനുവാദത്തോടുകൂടി ഉടമസ്ഥന് വിട്ടുകൊടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നുണ്ട്. കേസിൽ ഉൾപ്പെടാത്തതും ഉടമസ്ഥരില്ലാത്തതുമായ വാഹനങ്ങൾ ലേലം ചെയ്തുവിൽക്കുവാൻ എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും ഇതിനകം നിർദ്ദേശങ്ങൾ നൽകിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ